**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3281** | | **19.06.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**,, മഞ്ഞളാംകുഴി അലി**<br>**,, കെ.എം.ഷാജി** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | കേരളത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണമായും നിരോധിക്കാൻ സാധിക്കില്ല എന്ന സത്യവാങ്മൂലം സർക്കാർ കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തീർത്തും പരിസ്ഥിതി സൗഹാർദ്ദപരമായി പ്ലാസ്റ്റിക്കിന് ബദലായി ഉപയോഗിക്കാവുന്ന വസ്തുക്കൾ നിലവിൽ മതിയായ അളവിൽ ലഭ്യമല്ലാത്തതിനാൽ പൂർണ്ണമായ പ്ലാസ്റ്റിക്ക് നിരോധനം പൊടുന്നനെ നടപ്പിലാക്കുന്നത് നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്ത് അപ്രായോഗികമാണെന്ന് WP(C) No. 5636/2016 കേസിൽ പരിസ്ഥിതി വകുപ്പ് ബഹു.കേരള ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക്കിന് പകരം ഉപയോഗിക്കാവുന്ന വസ്തുക്കളുടെ യഥേഷ്ട ലഭ്യത ഉറപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | (ബി) | പ്ലാസ്റ്റിക്ക് ക്യാരീ ബാഗുകൾക്ക് പകരം ഉപയോഗിക്കാൻ കഴിയുന്ന തുണി സഞ്ചികൾ വിതരണം ചെയ്യുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടപ്പിലാക്കി വരുന്നുണ്ട്. കുടുംബശ്രീ സംരംഭങ്ങൾ, സ്വകാര്യ സംരംഭങ്ങൾ തുടങ്ങിയവ വഴി തുണി സഞ്ചികളും പേപ്പർ ബാഗുകളും മറ്റും തയ്യാറാക്കി വിപണിയിൽ എത്തിക്കുന്നുണ്ട്. |
| (സി) | പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി വകുപ്പുതലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 പ്രകാരം 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് മാത്രമാണ് നിരോധനം ഉള്ളത്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-നെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 24.09.2016 തീയതിയിലെ 576/ഡി.സി.1/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി പ്രകൃതി സൗഹൃദ വസ്തുകൾ കൊണ്ട് നിർമ്മിച്ച ക്യാരീബാഗുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രീൻ പ്രോട്ടോക്കോൾ പോലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി ബോധവത്കരണ പ്രവർത്തനങ്ങളും ശുചിത്വമിഷൻ മുഖേന നടപ്പിലാക്കി വരുന്നു. |

Remadevi

സെക്ഷൻ ഓഫീസർ